WEDNESDAY 18/09/2024 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/09/2024

1. ജനങ്ങൾക്ക് പോഷകസമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ജൈവ കൃഷിയിലൂടെ ഉറപ്പാക്കി മണ്ണിനെയും പരിസ്ഥിതിയെയും സംരക്ഷിച്ചുകൊണ്ട് കാർഷിക വരുമാന വർദ്ധനവ് ഉറപ്പാക്കുന്നതിന് ആവശ്യമായ സംവിധാനം ഒരുക്കുക എന്നതാണ് ജൈവകാർഷിക മിഷൻ ലക്ഷ്യമിടുന്നത്. കർഷകർക്ക് അവർക്ക് അനുയോജ്യമായ ജൈവ കാർഷിക കൃഷി മുറകൾ തിരഞ്ഞെടുക്കുന്നതിനും അവരുടെ പരമ്പരാഗത കൃഷി അറിവുകൾ കൂടി സമന്വയിപ്പിച്ചുകൊണ്ട് പ്രകൃതി സൗഹൃദകൃഷി നടപ്പിലാക്കുന്നതിന് കർഷകരെ ശാക്തീകരിക്കുകയും ചെയ്യുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

2. വെള്ളായണികാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽനിന്നും ഇന്ത്യൻ തേനിച്ചയുടെ കോളനികൾ കൂടൊന്നിന് 1400/- രൂപാനിരക്കിലും. മണ്ണിരക്കമ്പോസ്റ്റിനനുയോജ്യമായ യുഡ്രിലസ് ഇനത്തിൽപ്പെട്ട മണ്ണിരകൾ 100 ഗ്രാമിന് 100 രൂപനിരക്കിലും കോമാടൻ, വെസ്റ്റ് കോസ്റ്റ് ടാൾഎന്നി തെങ്ങിൻ തൈകൾ യഥാക്രമം 130, 120 രൂപാ നിരക്കുകളിലും എല്ലാ പ്രവർത്തി ദിവസങ്ങളിലും സെയിൽസ് കൗണ്ടറിൽ നിന്ന് വിപണനത്തിന് ലഭ്യമാണ്. പ്രവർത്തനസമയം രാവിലെ 9 മുതൽ വൈകിട്ട് 4 മണിവരെ യാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2383572, 8848277143 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

3. 2024-25 വർഷത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കാർഷിക യന്ത്രവൽക്കരണം കൈതാങ്ങ് (Support to Farm Mechanization) എന്ന പദ്ധതിയിൽ കേരളത്തിലെ കർഷകർക്ക് കാർഷിക യന്ത്രങ്ങളുടെ സർവ്വീസ്/അറ്റകുറ്റപ്പണികൾക്ക് ഏകദിന ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ജില്ലയിലെ കാർഷിക എഞ്ചിനീയറിംഗ് ഓഫീസ് നേതൃത്വം നൽകിയാണ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. ക്യാമ്പിൽ പങ്കെടുത്ത് റിപ്പയർ ചെയ്ത്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉപയോഗക്ഷമമാകുന്ന ചെറിയ ഇടത്തര കാർഷിക യന്ത്രങ്ങൾക്ക് സേവന വേതനം കൊടുക്കേണ്ടതില്ല. സർവ്വീസ് ചെയ്യുമ്പോൾ ആവശ്യമായി വരുന്ന ചെറിയ സ്പെയർ പാർട്സുകൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് തന്നെ വാങ്ങി പ്രവർത്തനക്ഷമമാക്കുന്നതാണ്. സർവ്വീസ് ആവശ്യമായി വരുന്ന വലിയ മെഷിനുകളായ ട്രാക്ടർ, കമ്പൈൻ ഹാർവെസ്റ്റർ എന്നിവയുടെ സ്പെയർ പാർട്സുകൾക്കും, സേവന വേതനത്തിനും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സബ്സിഡി സഹായം നൽകുന്നതാണ്. ഒരു ജില്ലയിൽ ഇരുപത് ക്യാമ്പുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്. 2024 സെപ്റ്റംബർ മാസം ഒന്നാം ഘട്ടവും, 2025 ജനുവരി മാസം രണ്ടാം ഘട്ടവുമായാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് 9447462572 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. ഇരുപത്തൊന്നാമതു കന്നുകാലി സെൻസസ് സംസ്ഥാനത്ത് നടന്നുവരുന്നു. കന്നുകാലി സമ്പത്തിനെ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനു വിവരശേഖരണം അത്യന്താപേക്ഷിതമാണ്. കന്നുകാലി സെൻസസ് സംസ്ഥാനത്ത് സെപ്റ്റംബർ 2 മുതലുള്ള ദിവസങ്ങളിൽ മൃഗസംരക്ഷണ വകുപ്പിൽ നിന്നും നിയോഗിച്ചിട്ടുള്ള എന്യൂമറേറ്റർമാർ വീടുകളിലും സ്ഥാപനങ്ങളിലും എത്തുന്നതാണ്. 3500 ലധികം വരുന്ന സംസ്ഥാനത്തെ 1 കോടി 6 ലക്ഷത്തോളം വരുന്ന വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ചു വളർത്തുമൃഗങ്ങളെ സംബന്ധിച്ച പ്രധാനപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതാണ്.

## പരിശീലന പരിപാടി

5. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് 23.09.2024 മുതൽ 27.09.2024 വരെയുള്ള തീയതികളിലായി കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരകർഷകർക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

'ശാസ്ത്രീയമായ പശുപരിപാലനം' എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് 20രൂപ. ആധാർ കാർഡിന്റെയും ബാങ്ക് പാസ്സ്ബുക്കിന്റെയും പകർപ്പുകൾ പരിശീലന സമയത്ത് ഹാജരാക്കുന്നവർക്ക് ദിനബത്ത, യാത്രാബത്ത എന്നിവ ലഭിക്കുന്നതാണ്. പരിശീലനത്തിന് താത്പര്യമുള്ളവർ 20.09.2024ന് വൈകുന്നേരം 5 മണിക്ക് മുൻപായി 0495-2414579, 9645922324 എന്നീ ഫോൺ നമ്പറുകൾ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.പരിശീലനത്തിന് പങ്കെടുക്കുന്നതിനുള്ള അവസരം കൺഫർമേഷൻ ലഭിക്കുന്നവർക്ക് മാത്രം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം